# കേരള സർക്കാർ


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**

**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-6/ 250/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/04/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-6/ 250/2022 തീയ്യതി: 30/04/2022

## പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-07-2019 മുതൽ 06-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 07-02-2022 | 26-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-02-2022 | 26-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി.നായർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മോഹൻ രാജ് ജേക്കബ് | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡിമിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 31-12-2020 |
| ശ്രീമതി ബീനാ ജോബി | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ശ്രീ റ്റി.വി. വിജയൻ | സെക്രട്ടറി | 01-04-2020 | 30-04-2020 |
| ശ്രീമതി ഷീബാമോൾ കെ.എം | സെക്രട്ടറി | 01-05-2020 | 09-06-2020 |
| ശ്രീ സ്റ്റീഫൻ എം | സെക്രട്ടറി | 10-06-2020 | 04-02-2021 |
| ശ്രീ പ്രശാന്ത് എ.വി (ഹെഡ് ക്ലാർക്ക്) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-02-2021 | 14-02-2021 |
| ശ്രീ സൈമൺ വർഗ്ഗീസ് | സെക്രട്ടറി | 15-02-2021 | 03-03-2021 |
| ശ്രീമതി രാജി. എം.എൽ(അസി.സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീലത എം.എസ്സ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 14-06-2020 |
| ശ്രീമതി രാജി.എം.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 15-06-2020 | 31-03-2021 |
| ശ്രീകുമാർ എസ്സ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. മോഹൻ തോമസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. സ്നെല്ല സണ്ണി | വെറ്ററിനറി സർജൻ | 01-04-2020 | 30-09-2020 |
| ഡോ. റംസിമോൾ സലിം | വെറ്ററിനറി സർജൻ | 01-10-2020 | 31-03-2021 |
| ഡോ മഹിമ ജോൺ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ . വിനോദ് എൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| മാത്യു ഒ ആർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| സന്ധ്യ റ്റി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ബിജുമോൻ സി.കെ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്യാം എസ്സ് | അസിസ്റ്റന്റ് എൻജിനിയർ | 01-04-2020 | 31-03-2021 |
| സജേഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| സിന്ധു എസ്സ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 31-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Veena C (Asst. Audit Officer, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 19-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Veena C (Asst. Audit Officer, On 27-02-2022)<br>Last Updated By: Veena C (Asst. Audit Officer, On 01-03-2022) | 1-3 |
| 4 | ഗ്രാൻറ് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 31-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 31-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Veena C (Asst. Audit Officer, On 27-02-2022)<br>Last Updated By: Veena C (Asst. Audit Officer, On 27-02-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Aswathy.V.Nair (Auditor, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 18-03-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Muhsin Faisal (Audit Officer, On 27-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 18-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 18-03-2022) | 1-10 |
| 11 | തൊഴിൽ നികുതി പിരിവ്- അപാകങ്ങൾ<br>Written By: Aswathy.V.Nair (Auditor, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 19-03-2022) | 1-11 |
| 12 | വാടകപിരിവ്-അപാകങ്ങൾ<br>Written By: Aswathy.V.Nair (Auditor, On 28-02-2022)<br>Last Updated By: Joe M James (Computer Assistant, On 18-03-2022) | 1-12 |
| 13 | ലേലനടപടികൾ സമയബന്ധിതമായി നടത്തുന്നില്ല<br>Written By: Aswathy.V.Nair (Auditor, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 19-03-2022) | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Aswathy.V.Nair (Auditor, On 28-02-2022)<br>Last Updated By: Aswathy.V.Nair (Auditor, On 28-02-2022) | 1-14 |
| 15 | മതിയായ രേഖകളില്ലാതെയും മറ്റു വകുപ്പുകളുടെ പ്രവർത്തനാനുമതി കാലാവധി കഴിഞ്ഞിട്ടും ലൈസൻസ് അനുവദിച്ചു<br>Written By: Aswathy.V.Nair (Auditor, On 28-02-2022)<br>Last Updated By: Joe M James (Computer Assistant, On 18-03-2022) | 1-15 |
| 16 | ആവശ്യമായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയില്ല<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 19-03-2022) | 1-16 |
| 17 | പ്രൊജക്ടുകൾ പൂർത്തീകരിച്ചില്ല<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 19-03-2022) | 1-17 |

| | | |
|---|---|---|
| 18 | പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Aswathy.V.Nair (Auditor, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 31-03-2022) | 1-18 |
| 19 | ടെണ്ടർ കുറവ് വരുത്തിയില്ല<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 18-03-2022) | 1-19 |
| 20 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം<br>Written By: Aswathy.V.Nair (Auditor, On 28-02-2022)<br>Last Updated By: Joe M James (Computer Assistant, On 18-03-2022) | 1-20 |
| 21 | ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Veena C (Asst. Audit Officer, On 01-03-2022)<br>Last Updated By: Joe M James (Computer Assistant, On 19-03-2022) | 1-21 |
| 22 | വീട് വാസയോഗ്യമാക്കൽ- എസ്.സി.പി<br>Written By: Veena C (Asst. Audit Officer, On 01-03-2022)<br>Last Updated By: Joe M James (Computer Assistant, On 18-03-2022) | 1-22 |
| 23 | വീട് വാസയോഗ്യമാക്കൽ പദ്ധതി പൂർത്തീകരിച്ചില്ല<br>Written By: Veena C (Asst. Audit Officer, On 01-03-2022)<br>Last Updated By: Joe M James (Computer Assistant, On 19-03-2022) | 1-23 |
| 24 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല<br>Written By: Veena C (Asst. Audit Officer, On 01-03-2022)<br>Last Updated By: Joe M James (Computer Assistant, On 31-03-2022) | 1-24 |
| 25 | എ.ബി.സി പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Veena C (Asst. Audit Officer, On 01-03-2022)<br>Last Updated By: Joe M James (Computer Assistant, On 31-03-2022) | 1-25 |
| 26 | മരാമത്ത് വേലകളുടെ ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാകണം<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Joe M James (Computer Assistant, On 31-03-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Joe M James (Computer Assistant, On 31-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Joe M James (Computer Assistant, On 19-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Veena C (Asst. Audit Officer, On 11-02-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Joe M James (Computer Assistant, On 19-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Veena C (Asst. Audit Officer, On 11-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Veena C (Asst. Audit Officer, On 11-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| | Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Aswathy.V.Nair (Auditor, On 15-03-2022) | |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Veena C (Asst. Audit Officer, On 11-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Joe M James (Computer Assistant, On 19-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Joe M James (Computer Assistant, On 31-03-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

24.03.2020 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹110582414/- വരവും ₹104583000/- ചെലവും ₹5999414/- രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 30.03.2020ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചു.

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് അധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ എന്നിവ ലഭ്യമല്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം ഉണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 5500000 | 2212650 | 3287350 |
| | എ | വസ്തുനികുതി | 3500000 | 1338010 | 2161990 |
| | ബി | തൊഴിൽ നികുതി | 2000000 | 874640 | 1125360 |
| 2 | | നികുതിയിതര വരവുകൾ | 2094000 | 777686 | 1316314 |
| | എ | വാടക കെട്ടിടങ്ങൾ | 600000 | 1040167 | -440167 |
| | ബി | ലൈസൻസ് | 150000 | 106460 | 43540 |
| | | പലിശ | 100000 | 111206 | -11206 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 9342000 | 7990807 | 1351193 |
| 4 | | വികസന ഫണ്ട് | 50206000 | 29211239 | 20994761 |
| 5 | | സംരക്ഷണ ഗ്രാന്റ് | 0 | 14786015 | -14786015 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 31500000 | 2691364 | 28808636 |
| 7 | | ഭരണ ചെലവുകൾ | 3662000 | 1040886 | 2621114 |
| 8 | | ഓപ്പറേഷൻസ്& മെയിന്റനൻസ് | 5065000 | 1090912 | 3974088 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 11470500 | 15111816 | -3641316 |
| 10 | | പ്ലാൻ-സേവന മേഖല | 31265250 | 23765373 | 7499877 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 12544000 | 1777945 | 10766055 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 0 | 2421048 | -2421048 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 0 | 14828174 | -14828174 |

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം 1.47 കോടി രൂപ വരവുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ്

തയ്യാറാക്കുന്നതിനും യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് ബജറ്റ് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

1.ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ(ഷെഡ്യൂൾ ബി3)മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുന്നതിനാൽ പുതുതായി സൃഷ്ടിച്ച ആസ്തികൾക്ക് തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

2.ഷെഡ്യൂൾ ബി4 പ്രകാരം സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഗ്രാന്റുകളുടെ നീക്കിയിരുപ്പ് തുക(4012432 രൂപ) ക്യാഷ് ആന്റ് ബാങ്ക് ബാലൻസ് ഷെഡ്യൂളിലെ( B17) ട്രഷറി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട്(Joint Venture) നീക്കിയിരിപ്പുമായി(1000000) പൊരുത്തപ്പെടുന്നില്ല.

3.2020-21 ലെ വാർഷിക ധനകാര്യപത്രികയിലെ ലോൺ ഇനത്തിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ലോൺ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4.ഷെഡ്യൂൾ B-12ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
5.ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ(ഷെഡ്യൂൾ B14) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല

6.ഷെഡ്യൂൾ B15, RP-43, I-1 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുനികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തുനികുതി കണക്കുകളുമായി പൊരുത്തപ്പെടുന്നന്നില്ല.
7.ബാങ്ക് റിക്കൺസലിയേഷൻ സ്റ്റേറ്റ് മെന്റുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ RP 40(B), ഷെഡ്യൂൾ ബി-17 എന്നിവയിൽ .ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

8.ഷെഡ്യൂൾ ബി 18 പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ 4062938 രൂപയും കെ.എസ്.ഇ.ബി-യിൽ 5670267 രൂപയും അവശേഷിക്കുന്നു. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ നിർവ്വഹണ സ്ഥാപനങ്ങൾക്ക് അഡ്വാൻസ് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പരിശോധിച്ച് അഡ്വാൻസിൽ കുറവ് ചെയ്യുകയോ ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റുകയോ ചെയ്തിട്ടില്ല. ഭൂജല വകുപ്പ്, പി.ഡബ്ല്യു.ഡി എന്നീ ഏജൻസികളിൽ അവശേഷിക്കുന്ന തുക സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.
ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള താത്ക്കാലിക മുൻകൂർ ആയി (ഷെഡ്യൂൾ ബി18) നൽകിയ 15120 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.
9.ഷെഡ്യൂൾ ബി-18 ഫെസ്റ്റിവൽ അഡ്വാൻസ് തുക -8000 ആയി കാണിച്ചിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമല്ല.
10.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
11. വിവിധ വരവിനങ്ങൾ കൃത്യമാണോ എന്ന് പരിശോധിക്കുന്നതിന് വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18409138 |
| വരവ് | 80631228 |
| ആകെ | 99040366 |
| ചെലവ് | 89846236 |
| നീക്കിയിരിപ്പ് | 9194130 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രഷറി ക്യൂ ബിൽ | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15721240 | 15721240 | 15720591 | 649 | 0 | 649 |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 3476000 | 3476000 | 3313875 | 162125 | 0 | 162125 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 4472610 | 4472610 | 4472610 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 8594291 | 4420000 | 5776243 | 2818048 | 0 | 2818048 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 10437000 | 10437000 | 10425858 | 11142 | 0 | 11142 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4622765 | 4622765 | 4360157 | 262608 | 0 | 262608 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | | |
| എം.ജി.എൻ. ആർ.ജി.എസ്സ് | 0 | 35256532 | 35256532 | 35244641 | 11891 | | |
| ഐ.സി.ഡി.എസ്സ് | 2452797 | 564889 | 3017686 | 2235713 | 781973 | | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | | |
| സാക്ഷരത | 2099 | 64 | 2163 | - | 2163 | | |
| ശുചിത്വ മിഷൻ | 129797 | 0 | 129797 | 129797 | 0 | | |

സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകൾ ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്താതെയാണ് വികസന ഫണ്ട് (ജനറൽ,എസ്.സി.പി, ടി.എസ്.പി) എന്നീ ഇനങ്ങളിൽ വരവ് കാണിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 278 | 145716496 | 212 | 70287293 | 0 | 66 | 48.23 |

2020-21 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 23-12-2019,7-2-2020 |
| ഗ്രാമസഭകൾ | 23-1-2020മുതൽ25-1-2020വരെ |
| സ്റ്റാന്റിംഗ് കമ്മിറ്റി | 7-2-20,24-2-2020 |
| വികസന സെമിനാർ | 20-2-2020 |
| പഞ്ചായത്ത് കമ്മിറ്റി | 28-2-20 |

**വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.**

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും അപൂർണ്ണമാണ്.

**സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.**

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി

ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 20024225 | 13578825 |
| വെറ്ററിനറി സർജൻ | 9 | 9 | 1683000 | 1154800 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 8 | 8 | 2182450 | 1851237 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 719203 | 702921 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 19 | 54350883 | 13053407 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 11 | 10 | 8251244 | 5268050 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2211893 | 932253 |
| സെക്രട്ടറി | 41 | 35 | 20004353 | 14784749 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 3 | 2 | 1206172 | 829340 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 151 | 101 | 32885093 | 16925051 |
| അസി.സെക്രട്ടറി | 12 | 9 | 1828980 | 1136672 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 1 | 1 | 369000 | 69988 |
| ആകെ | 278 | 212 | 145716496 | 70287293 |

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 251 | 186 | 74.1 | 114991410 | 56566808 | 49.19 |
| പ്രത്യേക ഘടകപദ്ധതി | 13 | 12 | 92.31 | 13002603 | 4637875 | 35.67 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 14 | 14 | 100 | 17722483 | 9082610 | 51.25 |
| ആകെ | 278 | 212 | 76.26 | 145716496 | 70287293 | 48.24 |

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഉല്പാദനം | 25 | 24 | 96 | 24818118 | 15828066 | 63.78 |
| സേവനം | 114 | 91 | 79.82 | 88765940 | 35036121 | 39.47 |
| പശ്ചാത്തലം | 139 | 97 | 69.7 | 32132438 | 19423106 | 60.45 |
| ആകെ | 278 | 212 | 76.26 | 145716496 | 70287293 | 48.24 |

03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടിൽ ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് തുക നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ നവീകരണപ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തിയതായി കാണുന്നില്ല.ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുകയും, കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് മത്സരസ്വഭാവം വർദ്ധിപ്പിച്ച് പഞ്ചായത്തിന് പരമാവധി സാമ്പത്തിക ലാഭം ലഭ്യമാകുന്ന തരത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന വാഹനത്തിന്റെ ജി.പി.എസ് റിപ്പോർട്ടുകൾ ഫയലിനൊപ്പം ചേർത്തിട്ടില്ല.മരുന്നുകൾ വാങ്ങുന്നതിന് വിവിധ ഏജൻസികളിൽ തുക നൽകിയിട്ടുണ്ടെങ്കിലും ആയവ പൂർണ്ണമായും ലഭ്യമായിട്ടില്ല.പദ്ധതി പ്രവർത്തനങ്ങളിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായും നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1116765 | 1116765 | 1104874 | 11891 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34139767 | 34139767 | 34139767 | 0 |
| ആകെ | 0 | 35256532 | 35256532 | 35244641 | 11891 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4388200 | 1741 |
| വിധവാപെൻഷൻ | 8564300 | 3285 |
| വാർദ്ധക്യകാല പെൻഷൻ | 18059800 | 7155 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3030900 | 465 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 125300 | 44 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2022 2.15p.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10427 (പതിനായിരത്തി നാനൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട

ച്ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ,തൊഴിൽ നികുതി രജിസ്റ്റർ,ലൈസൻസ്,വാടക എന്നിവ സംബന്ധിച്ച രജിസ്റ്റർ,വിവിധ വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടു പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.07.2021 മുതൽ 04.08.2021 വരെ | 12/2019 മുതൽ 03/2021 വരെ | 04.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.09.2018 | 1997-98 മുതൽ 2007-08 വരെ | 26-11-2018 |

## 1-11 തൊഴിൽ നികുതി പിരിവ്- അപാകങ്ങൾ

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ, റിട്ടേണുകൾ ഇവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നുണ്ട്. ഇതുപ്രകാരം ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തൊഴിൽനികുതി ഈടാക്കുന്നതായി കാണുന്നില്ല.

2) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷങ്ങൾ |
|---|---|---|
| 1 | ബി എസ് എൻ എൽ, അത്തിക്കയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | പോസ്റ്റ് ഓഫീസ്, തോമ്പിക്കണ്ടം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | പോസ്റ്റ് ഓഫീസ്, കുടമുരുട്ടി | രണ്ടാം അർദ്ധവർഷം |
| 4 | പമ്പ ഹോളോബ്രിക്സ് | രണ്ടാം അർദ്ധവർഷം |
| 5 | റേഷൻ കട, കുറുമ്പൻമൂഴി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | റേഷൻ കട, ഉന്നത്താനി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | റേഷൻ കട, തോണിക്കടവ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | റേഷൻ കട, അത്തിക്കയം 2 | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | റേഷൻ കട, അത്തിക്കയം 3 | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | റേഷൻ കട, നാറാണംമൂഴി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | റേഷൻ കട, അടിച്ചിപ്പുഴ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| | | |

| | | |
|---|---|---|
| 12 | പൈലറ്റ്സ് ലാറ്റക്സ് ഫാക്ടറി, ഇടമുറി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

3) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കുറ്റിയിൽ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | പുത്തൻപുരയ്ക്കൽ മിനി ബാങ്കേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | മുളമൂട്ടിൽ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ക്ഷീരോത്പാദക സഹകരണസംഘങ്ങൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

4) 2020-21 വർഷം പഞ്ചായത്തിൽ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇവർ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/16.02.2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി രസീതുനമ്പർ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വാടകപിരിവ്-അപാകങ്ങൾ

പഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന കടമുറികൾ, സ്റ്റാളുകൾ എന്നിവയുടെ 2020-21 വർഷത്തെ വാടക പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**(1) രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല**

2020-21വാടക ഡിമാന്റ് രജിസ്റ്ററിൽ കടമുറികളുടെ വാടക ഈടാക്കിയതിന്റെ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

**(2) വാടകക്കാരുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടുന്നില്ല**

പഞ്ചായത്ത് കടമുറികൾ, സ്റ്റാളുകൾ ഇവ വാടകയ്ക്ക് നൽകിയിട്ടുള്ള വ്യക്തികളുമായി മുദ്രപത്രത്തിൽ കരാറിലേർപ്പെട്ടിട്ടില്ല. വാടക ഒടുക്കുന്നതിലും, വ്യവസ്ഥകൾ പാലിക്കുന്നതിലും വീഴ്ച വരുത്തുന്ന വാടകക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഇതാവശ്യമാണ്. നിയമാനുസൃതം കരാറിലേർപ്പെട്ട് കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

**(3) വാടക പൂർണ്ണമായി ഈടാക്കുന്നില്ല**

വാടക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാലും അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും വാടകയിനത്തിലെ പിരിവിന്റെയും ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെയും കൃത്യത പരിശോധിച്ച് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല. 2020-21 വർഷം വാടകയ്ക്ക് നൽകിയിരുന്ന കടമുറികളുടെ പ്രതിമാസ വാടകയുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/23.02.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക ഈടാക്കിയതിന്റെ നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | 2 | കോ ഓപ്പറേറ്റീവ് ബാങ്ക് | 1935 | 01/2021 വരെ വാടക അടവാക്കിയിട്ടുണ്ട്. ബാക്കി ഈടാക്കാൻ അവശേഷിക്കുന്നു. |
| 2 | 4 | ആശ ആനന്ദ് | 2092 | കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ഈടാക്കിയിട്ടില്ല. |
| 3 | 7 | മാവേലി സ്റ്റോർ | 1039 | വാടക ഈടാക്കിയിട്ടുണ്ട്. പ്രളയസെസ്സ് (10x12) 120 രൂപ ഈടാക്കാനവശേഷിക്കുന്നു |

| | | | | |
|---|---|---|---|---|
| 4 | 11 | രാജമ്മ | 1822 | കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ തുക ഒടുക്കിയിട്ടില്ല. |
| 5 | 12 | അപ്പുക്കുട്ടൻ | 637 | കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ തുക ഒടുക്കിയിട്ടില്ല. |
| 6 | 16 | സണ്ണി ചാക്കോ | 2078 | 7/2020 വരെ വാടക അടവാക്കിയിട്ടുണ്ട്. ബാക്കി ഈടാക്കാൻ അവശേഷിക്കുന്നു. |
| | | **SGSY മുറികൾ** | | |
| 7 | 1 | പ്രേം കുമാർ | 639 | വാടക ഈടാക്കിയിട്ടുണ്ട്. എന്നാൽ പ്രളയസെസ്സ് (6x12) 72 രൂപ ഈടാക്കാനവശേഷിക്കുന്നു. |
| 8 | 5 | തോമസ് മാത്യു | 1038 | വാടകഈടാക്കിയിട്ടുണ്ട്.പ്രളയസെസ്സ് (10x12)120രൂപ ഈടാക്കാനവശേഷിക്കുന്നു |
| 9 | 6 | ശാന്തമ്മ വർഗീസ് | 1156 | ഓൺലൈൻ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | | **ഓപ്പൺ സ്റ്റാൾ** | | |
| 10 | 1 | റെജി | 827 | കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. തുക ഈടാക്കിയിട്ടില്ല. |
| 11 | 2 | മധുകുമാർ | 1559 | കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. തുക ഈടാക്കിയിട്ടില്ല. |
| 12 | 3 | മധുകുമാർ | 2393 | കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. തുക ഈടാക്കിയിട്ടില്ല. |
| 13 | 4 | പി വി വർഗീസ് | 3400 | ഓൺലൈൻ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 14 | 5 | പി വി വർഗീസ് | 855 | ഓൺലൈൻ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 15 | 8 | ജമാലുദ്ദീൻ | 0 | 2019-20 വർഷത്തെ കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. തുക ഈടാക്കിയിട്ടില്ല. |
| 16 | 9 | ബിന്ദു സജു | 790 | കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. തുക ഈടാക്കിയിട്ടില്ല. |
| 17 | 10 | അലിയാർ | 917 | ഓൺലൈൻ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷവാടകയിനത്തിൽ 244351 രൂപയും വാടക കുടിശ്ശികയിനത്തിൽ 247716 രൂപയും ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വാടക അടവാക്കാൻ അവശേഷിക്കുന്ന വാടകക്കാരിൽ നിന്ന് കുടിശ്ശിക സഹിതം വാടക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വാടക പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ പരിഹരിക്കുന്നതിന് ഭരണസമിതിയുടേയും ജീവനക്കാരുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-13 ലേലനടപടികൾ സമയബന്ധിതമായി നടത്തുന്നില്ല</u>

2020-21 വർഷത്തെ ലേലനടപടികളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.2020-21 വർഷത്തിൽ വാഹനപാർക്കിംഗ് ഫീസ് പിരിവ്, പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് എന്നിവ ലേലം കൊണ്ട വ്യക്തികളിൽ നിന്ന് ജി എസ് റ്റി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ജി എസ് റ്റി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീതു സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. ലേലനടപടികളുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം 2020-21 വർഷത്തെ താഴെ പറയുന്ന ലേലനടപടികൾ സമയബന്ധിതമായി നടത്തിയിട്ടില്ല.

എ) ഗ്രാമപഞ്ചായത്ത് 2 ാം വാർഡിൽ തോമ്പിക്കണ്ടം അങ്കണവാടി ചുറ്റുമതിൽ നിർമ്മാണത്തിനായി സ്ഥലം തയ്യാറാക്കിയപ്പോൾ ബാക്കി വന്ന കരിങ്കല്ല് ലേലം ചെയ്യുന്നതിന് 22.06.2020 ലെ 1(17) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു.

ബി) 16.07.2020 ലെ 16/2020-21 നമ്പർ കത്ത് പ്രകാരം നാറാണംമൂഴി ഗവ.എൽ പി സ്കൂളിലെ ഉപയോഗശൂന്യമായ ബഞ്ചുകളും ഡസ്കുകളും ലേലനടപടികൾ സ്വീകരിച്ച് സ്കൂളിൽ നിന്നും നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഹെഡ്മാസ്റ്റർ ആവശ്യപ്പെട്ടിരുന്നു. 27.07.2020 ലെ 1(12) നമ്പർ തീരുമാനപ്രകാരം ടി സാധനങ്ങൾ ലേലം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു.

മേൽ സൂചിപ്പിച്ച രണ്ട് ലേലനടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/ 18.02.2022) സെക്രട്ടറി നൽകിയ മറുപടിയിൽ ടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ലേലനടപടികൾ കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/ തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിലും എല്ലാ ടവർ ഉടമകളിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 7 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ 5 ടവറുകളുടെ 2021 രണ്ടാം അർദ്ധവർഷം വരെയുള്ള നികുതി ഒടുക്കിയിട്ടുണ്ട്. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറുകളുടെ വിവരം | വാർഡ് നം./ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | വാർഷിക വസ്തുനികുതി തുക (രൂ) | നികുതി അടവാക്കാനുള്ളതിന്റെ വിവരം (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം) |
|---|---|---|---|---|---|
| 1 | ടെലികോം,തിരുവല്ല | 8/525 | 31 | 10850 | 2013 മുതൽ അടവാക്കിയിട്ടില്ല |
| 2 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 9/384 | 29 | 13050 | 2019മുതൽ അടവാക്കിയിട്ടില്ല |

ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (06/16.02.2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 മതിയായ രേഖകളില്ലാതെയും മറ്റു വകുപ്പുകളുടെ പ്രവർത്തനാനുമതി കാലാവധി കഴിഞ്ഞിട്ടും ലൈസൻസ് അനുവദിച്ചു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാവുങ്കൽ ഗ്രാനൈറ്റ്സ്, ചെമ്പനോലി എന്ന ക്വാറി&ക്രഷർ യൂണിറ്റിന്റെ യന്ത്രശക്തി 260 എച്ച്.പി. യൂണിറ്റിൽ നിന്ന് 910 എച്ച്.പി. യൂണിറ്റായി വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ 18.09.2020 ലെ പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്തു. 12 അംഗ കമ്മറ്റിയിലെ 7 പേർ അനുകൂലിക്കുകയും 5 പേർ വിയോജിക്കുകയും ചെയ്തു

(വാർഡ് 1,3,8,9,12 ലെ മെമ്പർമാർ) ഭൂരിപക്ഷ അഭിപ്രായം പരിഗണിച്ച് 15(1) നമ്പർ തീരുമാനപ്രകാരം ആയതിന് അനുമതി നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 2020-21, 2021-22 വർഷത്തേക്ക് സ്ഥാപനത്തിന് ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട് (നം.67/2020-21/സി5/2803/20 തീയതി 16.10.2020)

അപേക്ഷയോടൊപ്പം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നുള്ള അനുമതി ഉൾപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പം നൽകിയ രേഖകൾ പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള പ്രവർത്തനാനുമതി 23.08.2021 വരെയും ഡിപ്പാർട്ട്മെന്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സിന്റെ ലൈസൻസ് കാലയളവ് 31.12.2021 വരെയുമാണ്. ജിയോളജി വകുപ്പിന്റെ പ്രവർത്തനാനുമതി കാലാവധിക്കുശേഷം ഏഴ് മാസം കൂടി (31.03.2022 വരെ) ലൈസൻസ് നൽകിയത് വകുപ്പുതലത്തിൽ അന്വേഷണവിധേയമാക്കേണ്ടതാണ്. ടി രേഖകളുടെ അടിസ്ഥാനത്തിൽ മാർച്ച് 2022 വരെ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/25.02.2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് നൽകിയ സെക്രട്ടറിയിൽ നിന്ന് ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ജീവനക്കാരുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ആവശ്യമായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയില്ല

കുടമുരുട്ടി എൽ.പി.സ്കൂളിന്റെ രണ്ട് കെട്ടിടങ്ങളുടെ മേൽക്കൂര നവീകരണത്തിനായി രണ്ടു പ്രൊജക്ടുകൾ തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽനം/തീയതി | കരാറുകാരൻ |
|---|---|---|---|---|
| 235/20 കുടമുരുട്ടി എ.പി.സ്കൂളിന്റെ മേൽക്കൂര നവീകരണം | 400000 | 395697 | 1/20-21,16-4-20<br>195697/-<br>37/20-21,13-7-20<br>200000/- | വി.ബി.വിനു |
| 116/20 കുടമുരുട്ടി എ.പി.സ്കൂളിന്റെ മേൽക്കൂര നവീകരണം (അങ്കണവാടി സെക്ഷൻ) | 400000 | 196735 | 53/20-21,11-11-2020 196375/- | വി.ബി.വിനു |

നിലവിലുള്ള മേൽക്കൂരയുടെ ഓട് മാറ്റിയശേഷം അലൂമിനിയം ഷീറ്റ് മേയുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്.ഒന്നാമത്തെ പ്രവൃത്തിയിൽ510.4 ച.മീ അളവിലും,രണ്ടാമത്തെ പ്രവൃത്തിയിൽ 217.915 ച.മീ അളവിലും ഷീറ്റ് മേഞ്ഞിട്ടുണ്ട്.ഇത്തരത്തിലുള്ള പ്രൊജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മേൽക്കൂരയിൽ നിന്ന് നിലവിലുള്ള ഓടുകൾ സുരക്ഷിതമായി താഴെയിറക്കി സ്റ്റാക്ക് ചെയ്യുന്നപ്രവൃത്തിയാണ് ഒന്നാമതായി ഉൾപ്പെടുത്താറുള്ളത്. എന്നാൽ രണ്ട് പ്രൊജക്ടുകളിലും ഓട് താഴെ ഇറക്കി സ്റ്റാക്ക് ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ ഇനം ഉൾപ്പെടുത്തിയിട്ടില്ല.ആയതിനാൽ കെട്ടിടത്തിലുണ്ടായിരുന്ന ഓട് എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നു സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 13/25.02.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിലുണ്ടായിരുന്ന ഓടിന്റെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.ഇത്തരത്തിലുള്ള പ്രൊജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ എല്ലായിനങ്ങളും ഉൾപ്പട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 പ്രൊജക്ടുകൾ പൂർത്തീകരിച്ചില്ല

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചില പ്രൊജക്ടുകൾ പൂർണ്ണമാക്കിയില്ലെങ്കിലും,നിർവ്വഹണ ഉദ്യോഗസ്ഥന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | അടങ്കൽ | ആകെ വേലമൂല്യം | പ്രൊജക്ട് പ്രകാരം പൂർത്തീകരിക്കേണ്ടത് | പൂർത്തീകരിച്ചത് |
|---|---|---|---|---|
| പേമരുതി-ഏടൈക്കുന്നേൽ റോഡ് കോൺക്രീറ്റ് | 200000/- | 65495/- | 49.330മീറ്റർ റോഡ് | 18മീറ്റർ റോഡ് |
| തോമ്പിക്കണ്ടം -കമ്പിലൈൻ റോഡ് കോൺക്രീറ്റ് | 200000/- | 116878 | 49.330മീറ്റർ റോഡ് | 32.3 മീറ്റർ റോഡ് |

പ്രൊജക്ടിൽ ആവിഷ്കരിച്ച അത്രയും അളവിൽ റോഡ് നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.ആവിഷ്കരിച്ച പ്രൊജക്ട് പൂർത്തീകരിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയതിന് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (11/22.02.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രം കരാറുകാർക്ക് തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം./ പേര് | 25/21 വയോജനങ്ങൾക്ക് കട്ടിൽ |
| ചെലവ് | 182700 (വികസനഫണ്ട് പൊതുവിഭാഗം) |
| ബിൽ നമ്പർ/ തീയതി | 01/19-20 -13.05.2019 221850 |

2020-21 വർഷം ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി പ്രകാരം 42 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല**

പഞ്ചായത്ത് കമ്മറ്റിയുടെ 28.10.2020 ലെ 1(14) നമ്പർ തീരുമാനപ്രകാരം വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി യിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് ഗുണഭോക്താക്കളെ അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്.

മേൽ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെയോ ഗ്രാമസഭയിൽ നിന്നും സാധൂകരണം ലഭിച്ചതിന്റെയോ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റിയവരിൽ ചുവടെ ചേർക്കുന്നവർ 28.10.2020 ൽ കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവരെയും ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| പേര് | വാർഡ് നമ്പർ |
|---|---|
| ഉഷ സാബു, ചെറുതോട്ടിയ്ക്കൽ | 1 |
| സാറാ ഉമ്മ, കുട്ടത്തിപ്പറമ്പിൽ വീട് | 6 |
| കൊച്ചുപെണ്ണ്, പാറയിറമ്പിൽ | 12 |

പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റിയ 42 ഗുണഭോക്താക്കളുടെയും അർഹത അതാത് വാർഡുകളിലെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

**2. അർഹത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല**

പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരിൽ ചുവടെ ചേർക്കുന്നവർ അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരം അവർക്ക് 60 വയസ്സ് പൂർത്തിയായിട്ടില്ല. ടി ആളുകളുടെ അർഹത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

| പേര് | വാർഡ് നമ്പർ | ജനിച്ച വർഷം (ആധാർ കാർഡ് പ്രകാരം) |
|---|---|---|
| ഉഷ സാബു, ചെറുതോട്ടിയ്ക്കൽ | 1 | 1973 |
| കൃഷ്ണൻകുട്ടി, പാറയ്ക്കൽ | 5 | 1968 |
| കമല, ചരിവുകാലായിൽ | 5 | 1969 |

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/25.02.2022) ഗുണഭോക്താക്കളെ അംഗീകരിച്ചതിന്റെ വിവരവും രേഖകളും അടിയന്തരമായി ലഭ്യമാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ടെണ്ടർ കുറവ് വരുത്തിയില്ല

ഹോമിയോ ഡിസ്പെൻസറി റൂഫിംഗ് (255/20)എന്നപ്രൊജക്ട് 1.25% കുറവ് നിരക്കിൽ നിർവ്വഹണം ഏറ്റെടുത്ത ശ്രീ.ജബ്ബ കുര്യൻ എന്നകോൺട്രാക്ടർക്ക് ബിൽ നൽകിയപ്പോൾ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല.(ബിൽനം. 47/20-21,20-10-20,234492)ആകെ വേലമൂല്യം 209368/- രൂപയിൽ നിന്നും 2617 രൂപ ഈടാക്കേണ്ടതായിരുന്നു.ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 10/22.02.2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 22 |
| | |

| | |
|---|---|
| സ്വന്തമായി കെട്ടിടമുള്ളവ | 4 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 14 |
| വാടകരഹിതമായി പ്രവർത്തിക്കുന്നവ | 4 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 22 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 22 |
| ചുറ്റുമതിൽ ഉള്ളവ | 3 |

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ചുറ്റുമതിൽ ഇല്ലാത്തവയ്ക്ക് ആയവ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. 116-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമാണെന്നും 99 ാം നമ്പർ അങ്കണവാടിയ്ക്കായി സ്ഥലം വാങ്ങുന്നതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന സാഹചര്യത്തിൽ കെട്ടിടനിർമ്മാണത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്.

29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 22 അങ്കണവാടികളിൽ 4 എണ്ണത്തിനു മാത്രമാണ് നിലവിൽ സ്വന്തമായി കെട്ടിടമുള്ളത് എന്നതിനാൽ ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ പ്രകാരം നിരവധി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. തുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/19.02.2022) മറുപടിയായി താഴെപ്പറയുന്ന ഗുണഭോക്താക്കൾ മാത്രമാണ് നിർമ്മാണം പൂർത്തീകരിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും മേൽവിലാസവും | നാളിതുവരെ കൈപ്പറ്റിയ തുക(രജിസ്റ്റർ പ്രകാരം) |
|---|---|---|
| 1 | സോമൻ ടി.കെ, താമരക്കുളം, തോമ്പിക്കണ്ടം, വാർഡ്-2 | 40000 |
| 2 | തങ്കച്ചൻ, പുത്തൻ പുരക്കൽ, തോമ്പിക്കണ്ടം, | 40000 |
| 3 | തോമസ്സുകുട്ടി, വരമ്പനാലിൽ | 40000 |

ക്രമ നം 1ലെ ഗുണഭോക്താവ് അഡ്വാൻസ് 10.02.2020ൽ കൈപ്പറ്റിയെങ്കിലും അടുത്തകാലത്തായാണ് പണികൾ ആരംഭിച്ചിട്ടുള്ളതെന്നും ക്രമ നം 2 ലെ വ്യക്തി 9.11.2018ൽ അഡ്വാൻസും 12.04.2019ൽ രണ്ടാം ഗഡുവും കൈപ്പറ്റിയതായും രോഗ ബാധിതനായതിനാൽ പണികൾ പൂർത്തിയാക്കാൻ താമസം ഉണ്ടായി എന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം 3 ലെ വ്യക്തി അഡ്വാൻസ് വാങ്ങിയതിന് ശേഷം സ്ഥലം മാറി താമസിക്കുന്നതിനാൽ നാളിതുവരെ പണികൾ ആരംഭിച്ചിട്ടില്ല. ക്രമ നം 1, 2 പ്രകാരമുള്ള ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതും ക്രമ നം 3 ലെ വ്യക്തിയിൽ നിന്നും അഡ്വാൻസ് തുക തിരികെ വാങ്ങുന്നതിനും നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 വീട് വാസയോഗ്യമാക്കൽ- എസ്.സി.പി

2020-21 വർഷം വീട് വാസയോഗ്യമാക്കൽ- എസ്.സി.പി(160/21) പ്രോജക്ടിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താവിന് ധനസഹായം നൽകിയതിന്റെ അപേക്ഷ, ബിൽ എന്നിവ പരിശോധിച്ചതിൽ നിന്നും അർഹമായതിൽനിന്നും 50000 രൂപ അധികമായി സബ്സിഡി നൽകിയതായി കണ്ടു. സ.ഉ.(കൈ) 22/2018/തസ്വഭവ ഖണ്ഡിക 7.9 പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് എസ്.സി. വിഭാഗത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 1.50 ലക്ഷം രൂപ മാത്രമാണ് ധനസഹായത്തിന് അർഹതയുള്ളത്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താവിന് അധികമായി ധനസഹായം ലഭ്യമാക്കുകയുണ്ടായി.

| ഗുണഭോക്താവിന്റെ പേരും അഡ്രസ്സും | നൽകിയ ധനസഹായം | ബിൽ നം/ തീയതി | റിമാർക്ക്സ് |
|---|---|---|---|

| | | തുക | |
|---|---|---|---|
| ശോഭന നരേന്ദ്രൻ<br>കണ്ണനാട്<br>വാർഡ് -13 | 200000 | 384/10.03.21<br>50000<br>403/19.03.21<br>50000<br>486/30.03.21<br>50000<br>62/09.09.21<br>50000 | 150000 രൂപ മാത്രമാണ് ധനസഹായത്തിന് അർഹത<br>50000രൂപ അധികം നൽകി. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ എൻക്വയറിക്ക്(9/21.02.22) അധികമായി നൽകിയ തുക തിരികെ ഈടാക്കാൻ ഗുണഭോക്താവിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 50000 രൂപ നിരാകരിക്കുന്നു. അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-23 വീട് വാസയോഗ്യമാക്കൽ പദ്ധതി പൂർത്തീകരിച്ചില്ല</u>**

2020-21 വർഷം വീട് വാസയോഗ്യമാക്കൽ- എസ്.സി.പി(160/21) പ്രോജക്ടിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താവ് നിലവിലും പണി പൂർത്തീകരിച്ചിട്ടില്ല എന്ന് 9/21.02.22-ാം നമ്പർ എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേരും അഡ്രസ്സും | നൽകിയ ധനസഹായം | ബിൽ നം/തീയതി<br>തുക |
|---|---|---|
| രേഖാ രാജൻ, ചിട്ടിപ്പുരയിൽ, കുടമുരുട്ടി<br>വാർഡ്-7 | 50000 | 403/19.03.21<br>50000 |

പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>1-24 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല</u>**

വിവിധ പ്രോജക്ടുകളിലായി മരുന്ന് വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം | ചെലവ് തുക | ബിൽ നം / തീയതി | ലഭിച്ച മരുന്ന് (രൂപയിൽ) | ലഭിക്കാൻ അവശേഷിക്കുന്നത്(രൂപയിൽ) |
|---|---|---|---|---|---|
| 1 | 195/21 | 300000 | 70/11.05.20<br>300000 | 288491 | 11509 |
| 2 | 46/21 | 600000 | 151/20.08.20<br>400000<br>311/27.01.21<br>200000 | 273958<br><br>139102 | 126042<br><br>60898 |
| 3 | 47/21 | 250000 | 151/20.08.20<br>250000 | 206390 | 43610 |
| | ആകെ | 1150000 | | 907941 | 242059 |

ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-25 എ.ബി.സി പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>**

പ്രോജക്ട് നം 44/21പ്രകാരം എ.ബി.സി പ്രോഗ്രാം വിഹിതമായി 105000രൂപ 12.08.2020ൽ 136-ാം നമ്പർ ബിൽ പ്രകാരം കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/15.02.22) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കുടുംബശ്രീ മിഷന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-26 മരാമത്ത് വേലകളുടെ ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാകണം

ഗ്രാമപഞ്ചായത്തിൽ 2019-20,2020-21വർഷങ്ങളിൽ നടപ്പാക്കിയ മരാമത്ത് വേലകളുടെ ടെണ്ടർ നടപടികൾ കാര്യക്ഷമമായിരുന്നില്ല. 2019-20ൽ 35 പ്രൊജക്ടുകളും, 2020-21ൽ 136 പ്രൊജക്ടുകളും നടപ്പാക്കിയെങ്കിലും ഒരു പ്രൊജക്ടിനു മാത്രമാണ് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. മാന്വൽ ടെൻഡറുകളിൽ നാമമാത്രമായ പ്രൊജക്ടുകൾക്ക് മാത്രമാണ് കരാറുകാർ ടെണ്ടർ കുറവ് രേഖപ്പെടുത്തി എസ്റ്റിമേറ്റ് തുകയിലും കുറഞ്ഞ തുകയ്ക്ക് പ്രവൃത്തി ചെയ്തിട്ടുള്ളത്.മാന്വൽ ടെണ്ടർ നടപ്പാക്കിയ പ്രവൃത്തികളിൽ ഭൂരിഭാഗം എണ്ണത്തിലും രണ്ടു കരാറുകാർ പങ്കെടുക്കുകയും, ഒരാൾ എസ്റ്റിമേറ്റ് നിരക്കും രണ്ടാമത്തെയാൾ അൽപം കൂടിയ നിരക്കും രേഖപ്പെടുത്തുകയും,എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി ലഭിക്കുകയും ചെയ്യുന്നു.ആയതിൽതന്നെ കൂടുതലും ഒരേ വിലാസമുള്ളവരുമാണ്.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ , ക്വോട്ട് ചെയ്തനിരക്ക് | പ്രവൃത്തി ലഭിച്ച കരാറുകാരൻ |
|---|---|---|
| പുരക്കൽപടി -വനത്തുംമുറി റോഡ് കോൺക്രീറ്റ് (105/20) | 1.ശരത് ബാബു കൊടുമ്പുഴ,നാറാണംമൂഴി (2%കൂടുതൽ)<br>2.കെ.പി ശശിധരൻ കൊടുമ്പുഴ,നാറാണംമൂഴി (എസ്റ്റിമേറ്റ് നിരക്ക്) | കെ.പി ശശിധരൻ കൊടുമ്പുഴ, നാറാണംമൂഴി |
| പുല്ലംപള്ളിപടി പനവേലിൽപടി റോഡ് കോൺക്രീറ്റ് (34/20) | 1. പി.എ.ഫിലിപ്പ്<br>പുളിക്കിയിൽ<br>വെച്ചൂച്ചിറ(3%കൂടുതൽ)<br>2. ജോസഫ് ഫിലിപ്പ്<br>പുളിക്കിയിൽ<br>വെച്ചൂച്ചിറ(എസ്റ്റിമേറ്റ് നിരക്ക്) | ജോസഫ് ഫിലിപ്പ്<br>പുളിക്കിയിൽ<br>വെച്ചൂച്ചിറ(എസ്റ്റിമേറ്റ് നിരക്ക്) |
| നടുക്കേമുറി റബ്ബർബോർഡ് റോഡ് (106/20) | 1. പി.എ.ഫിലിപ്പ്<br>പുളിക്കിയിൽ<br>വെച്ചൂച്ചിറ(എസ്റ്റിമേറ്റ് നിരക്ക്)<br>2. ജോസഫ് ഫിലിപ്പ്<br>പുളിക്കിയിൽ<br>വെച്ചൂച്ചിറ(5%കൂടുതൽ) | 1. പി.എ.ഫിലിപ്പ്<br>പുളിക്കിയിൽ<br>വെച്ചൂച്ചിറ(എസ്റ്റിമേറ്റ് നിരക്ക്) |
| കുറുമ്പൻമൂഴി പട്ടികവർഗ്ഗ സങ്കേതം വഴി നന്നാക്കൽ | 1. പി.എ.ഫിലിപ്പ്<br>പുളിക്കിയിൽ<br>വെച്ചൂച്ചിറ(എസ്റ്റിമേറ്റ് നിരക്ക്)<br>2. ജോസഫ് ഫിലിപ്പ്<br>പുളിക്കിയിൽ<br>വെച്ചൂച്ചിറ(5%കൂടുതൽ) | 1. പി.എ.ഫിലിപ്പ്<br>പുളിക്കിയിൽ<br>വെച്ചൂച്ചിറ(എസ്റ്റിമേറ്റ് നിരക്ക്) |
| പ്രഹ്ളാദൻപടി വനത്തുംമുറി റോഡ് (73/21) | 1.ശരത് ബാബു കൊടുമ്പുഴ,നാറാണംമൂഴി (എസ്റ്റിമേറ്റ് നിരക്ക്)<br>2.കെ.പി ശശിധരൻ കൊടുമ്പുഴ,നാറാണംമൂഴി (2%കൂടുതൽ) | ശരത് ബാബു കൊടുമ്പുഴ,നാറാണംമൂഴി (എസ്റ്റിമേറ്റ് നിരക്ക്) |
| പുരക്കൽപടി കുറ്റവേലിൽപടി റോഡ്(75/21) | 1.ശരത് ബാബു കൊടുമ്പുഴ,നാറാണംമൂഴി (എസ്റ്റിമേറ്റ് നിരക്ക്)<br>2.കെ.പി ശശിധരൻ കൊടുമ്പുഴ,നാറാണംമൂഴി (5%കൂടുതൽ) | ശരത് ബാബു കൊടുമ്പുഴ,നാറാണംമൂഴി (എസ്റ്റിമേറ്റ് നിരക്ക്) |

| | | |
|---|---|---|
| ടോമിപ്പടി കറ്റിയിൽരാജേന്ദ്രൻപടി റോഡ് (107/21) | 1.ശരത് ബാബു കൊടുമ്പുഴ,നാറാണംമൂഴി (2%കൂടുതൽ)<br>2.കെ.പി ശശിധരൻ കൊടുമ്പുഴ,നാറാണംമൂഴി (എസ്റ്റിമേറ്റ് നിരക്ക്) | കെ.പി ശശിധരൻ കൊടുമ്പുഴ,നാറാണംമൂഴി |

ഇതു സംബന്ധിച്ച് 2018-19 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നെങ്കിലും ക്രിയാത്മകമായ തുടർ നടപടികളൊന്നും സ്വീകരിച്ചില്ല. അടങ്കൽതുക ബാധകമാക്കാതെ ഇ ടെണ്ടർ നടപടികൾ അനുവർത്തിക്കുകയാണെങ്കിൽ ടെണ്ടർ നടപടികൾ കൂടുതൽ കാര്യക്ഷമവും,സുതാര്യവും ആക്കുന്നതിനും,അതുവഴി പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാൻ സാധിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 44640 | 40 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 44640 |
| | 500000 | കിഴങ്ങുകൃഷി വികസനം 32/21 | 0 | 500000 |
| | 130000 | ലൈഫ് മിഷൻ ജനറൽ 219/21 | 0 | 130000 |
| | 100000 | സ്കോളർഷിപ്പ് 24/21 | 0 | 100000 |
| | 55360 | പാലിന് സബ്സിഡി 40/21 | 0 | 55360 |
| ജില്ലാപഞ്ചായത്ത് | 2300000 | വാഴകൃഷി വികസനം 29/21 | 0 | 2300000 |
| | 3000000 | കിഴങ്ങുവർഗ്ഗകൃഷി വികസനം 32/21 | 0 | 3000000 |
| | 2500000 | കിഴങ്ങുവർഗ്ഗകൃഷി വികസനം 188/21 | 0 | 2500000 |
| | 500000 | കിഴങ്ങുവർഗ്ഗകൃഷി വികസനം (എസ്.സി.പി.) 196/21 | 0 | 500000 |
| | 490850 | കിഴങ്ങുവർഗ്ഗകൃഷി വികസനം (എസ്.സി.പി.) 295/21 | 0 | 490850 |
| | 300000 | പാലിയേറ്റീവ് കെയർ 195/21 | 0 | 300000 |
| | 21764 | ലൈഫ് മിഷൻ ജനറൽ 219/21 | 0 | 21764 |
| | 200000 | സ്കോളർഷിപ്പ് 24/21 | 0 | 200000 |
| | 165000 | പാലിന് സബ്സിഡി 40/21 | 0 | 165000 |
| | 211893 | പാലിന് സബ്സിഡി 157/21 | 0 | 211893 |
| | 100000 | ആശ്രയ | 0 | 100000 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

നിക്ഷേപ പ്രവൃത്തികൾക്കായി 2020-21ൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | നിർവ്വഹണ ഏജൻസി | ബിൽ നം / തീയതി | ഡെപ്പോസിറ്റ് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | 8/21<br>പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 24/20-21<br>03.09.20<br>57/20-21<br>23.03.21<br>58/20-21<br>23.03.21 | 298804<br>340272<br>538728 | 0 | 1177804 | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| 2 | 193/21 (141/20)-<br>സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി | 31/19-20<br>13.03.20<br>2/20-21<br>27.05.20<br>4/20-21<br>27.05.21<br>35/20-21<br>19.11.21 | 185968<br>199895<br>578249<br>1330456 | 1516424 | 778144 | 29.11.21ൽ 1516424 രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചു. |
| 3 | 9/21 | കെ.എസ്.ഇ.ബി, റാന്നി നോർത്ത് | 36/20-21<br>19.11.20 | 421589 | 0 | 421589 | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

തൻവർഷം 4536000 രൂപ വായ്പയിനത്തിൽ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

| **വായ്പയു**ടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തേ തുൾപ്പടെ തിരിച്ചടയ്ക്കുവാനുണ്ടായിരുന്ന ആകെ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)100/2018/LSGD/30.07.2018 | 21001764 | 25537764 | 1698430 | - | 23839334 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1999-00 | - | 2003-04 | - | വൗച്ചർ,ഫയൽ എന്നിവ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 2 | 2001-02 | 2-9. | 2006-07 | 3.18.1.14 | ബിഫണ്ട് ചെലവുകൾ വൗച്ചറുകൾ/ ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 3 | പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | - | 2015-16 | 3-6.2 | SC/STകോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ല | നിലനിൽക്കുന്നു |
| 4 | 2015-16 | 2-3. | 2016-17 | - | തൊഴിൽനികുതി -അപാകതകൾ | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99040366 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89846236 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-22 | 500000 | മാത്യു ഒ.ആർ., വി.ഇ.ഒ. |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേര് | ഉദ്യോഗപ്പേര് | വിലാസം |
|---|---|---|
| മാത്യു ഒ.ആർ. | വി.ഇ.ഒ., റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് | ഉപ്പുകണ്ടത്തിൽ, തലച്ചിറ പി.ഒ., തലച്ചിറ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഏറ്റവും ഒടുവിൽ നടത്തിയ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | നം.എൽ.എഫ്.പി.റ്റി.എ.പി.4/147/06 തീ.30.6.06 | 2,ഖ2-7,2-9 |
| 2001-02 (ജനകീയാസൂത്രണം ഒഴികെ ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/318/04 തീ.15.10.04 | 1,ഖ.10(2) |
| 2001-02 വരവ് | നം.എൽ.എഫ്.പി.റ്റി.എ.പി8/135/12, തീ. 03.03.12 | 3,ഖ.2-7,2-8,2-9 |
| 2002-03 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.8/136/12 തീ.3.3.12 | 1,ഖ.2-4 |
| 2002-03 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/208/07 തീ.14.3.07 | 23,ഖ.2-7,2-12,2-13, 2-15(1)മുതൽ 2-15(19) വരെ |
| 2003-04 | നം.എൽ.എഫ്.പി.റ്റി.എ.പി.5/773/08 തീ.6.10.09 | 8,ഖ.2-3,3-1മുതൽ 3-5 വരെ, 3-8(3),3-10 |
| 2004-05 | നം.എൽ.എഫ്.പി.റ്റി.എ.പി.5/774/08 തീ.6.10.09 | 11,ഖ2-3,2-3(6),2-5(എ),2-5(ബി), 3-2,3-3,3-5,3-7,3-9,3-10,3-11 |
| 2005-06 | നം.എൽ.എഫ്.പി.റ്റി.എ.പി.8/1103/11 തീ.5.1.12 | 7,ഖ3-1,3-2,3-3,3-5,3-7 |
| 2006-07 | നംഎൽ.എഫ്.പി.റ്റി.എ.പി.8/1104/11 തീ.5.1.12 | 9,ഖ2-1,2-2,3-1.3-2, 3-3,3-5,3-6,3-8 |
| 2007-08 | നം.എൽ.എഫ്.പി.റ്റി.എ.പി.8-1105/11 തീ.2.1.12 | 2,ഖ3-3,3-4 |
| 2008-09 | നം.എൽ.എഫ്.പി.റ്റി.എ.പി.8-1106/11 തീ.2.1.12 | 8,ഖ2-1,3-2,3-3,3-5, 3-7,3-9,3-10,3-11 |
| 2009-10 To 2011-12 | നം.എൽ.എഫ്.പി.റ്റി.എ.പി.6-966/13 തീ.12.2.14/18.03.2014 | 17,ഖ2-2,2-4,3-1,3-3, 3-4,3-7,3-9, 3-10,3-15,3-16,3-17, 3-18,3-19, 3-21,3-22,3-24,3-25 |
| 2012-13 | നം.എൽ.എഫ്.പി.റ്റി.എ. പി.6-158/15 തീ.13.3.15 | 6,ഖ3-6 മുതൽ 3-12 വരെ |
| 2013-14 & 2014-15 | നം.കെ എസ് എ പിറ്റിഎ പി6/3/2016 തീ.16.01.2016 | 15,ഖ2-1, 3-2മുതൽ 3-10 വരെ, 3-18 മുതൽ 3-21 വരെ, 3-24 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി6/1280/2016, തീ. 05.12.2016 | 6,ഖ2-1,2-4,2-5, 3-5,3-6,3-7 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി6/1180/2017, തീ.28.10.2017 | 39, 1-3, 1-5, 2-2 മുതൽ 2-6 വരെ, 3-2 മുതൽ 3-4 വരെ , 3-6 മുതൽ 3-22 വരെ , 3-24 മുതൽ 3-27 |

| | | |
|---|---|---|
| | | വരെ,<br>3-29, 3-31, 3-32,<br>3-33, 3-35, 3-36 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി6/131/19 തീ 12-03-2019 | 28 1-4,1-8,2-1,2-3,2-5 മുതൽ 2-8 വരെ,2-10,3-1 മുതൽ 3-7 വരെ,3-9(1),(2),(3),3-10,3-11,3-13മുതൽ 3-16വരെ,3-19,4-2,4-10 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി6/716/19 തീ 13.08.2019/23.09.2019 | 30 (1-11,2-2 മുതൽ 2-5 വരെ,2-7മുതൽ 2-10 വരെ,3-1,3-2,3-3,3-5 മുതൽ 3-19വരെ,3-22 ,4-1,4-2,4-9 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ പി6/249/22 തീ 18.03.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ. ഗ്രേ)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്